(സി) പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതിയിലൂടെ 2907 വീടുകളും, ഐ.എ.വൈ ഹൗസിംഗ് പദ്ധതി മുഖാന്തിരം 9337 വീടുകളും, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി പ്രകാരം 10091 വീടുകളും ഹഡ്കോ വായ്പ്പയുടെ ആദ്യഗഡു 50 കോടി രൂപ വിനിയോഗിച്ച് സംസ്ഥാനത്ത് 2000 വീടുകളും അനുവദിച്ചു നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഭവനരഹിതർക്ക് ഹഡ്കോ വായ്പാ ഇനത്തിലുള്ള രണ്ടാംഗഡു, ജനറൽ ഹൗസിംഗ്, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ എന്നീ ഫണ്ടുകൾ വിനിയോഗിച്ച് ഭവനനിർമ്മാണം നടത്തുവാനായി സ്വീകരിച്ചു വരുന്നു.

കടപ്പാറയിലെ പട്ടികവർഗ്ഗ സമരം

275 (662) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കടപ്പാറയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾ സമരം നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമരം നടത്തുന്നവരുമായി സർക്കാർ ചർച്ചകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ;

(സി) സമരം നടത്തിവരുന്ന ആദിവാസി/പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(ഡി) സമരം നടത്തുന്ന വിഭാഗങ്ങളുടെ ന്യായമായ ആവശ്യങ്ങൾ ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 19-01-2016 ന് പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറും 20-01-2016 -ന് പാലക്കാട് ജില്ലാ കളക്ടറും സമരക്കാരുമായി ചർച്ചകൾ നടത്തിയിരുന്നു.

(സി) ഉണ്ട്. കടപ്പാറ കോളനിയിലെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും കൃഷി ചെയ്യാനാവശ്യമായ ഭൂമി, വാസയോഗ്യമായ വീട്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, വനവിഭവശേഖരണത്തിനും വിപണനത്തിനും ആവശ്യമായ പട്ടികവർഗ്ഗ സഹകരണ സംഘം രൂപീകരിക്കുക, ചികിത്സാ സൗകര്യം, ക്ഷേമ പെൻഷൻ, വിദ്യാഭ്യാസ സൗകര്യം, റോഡ്, കുടിവെള്ളം എന്നിവയാണ് ആവശ്യങ്ങൾ

(ഡി) വനാവകാശ നിയമം അനുസരിച്ച് അർഹമായ ഭൂമി നൽകുന്നതിനും, മറ്റ് ആവശ്യങ്ങൾ പരിഹരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ മുഖേന നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly